(ബി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(സി) കേന്ദ്രം ആരംഭിക്കുന്നതിനുള്ള അനുമതി ഇന്ത്യാ ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കൗണ്ടർ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ, തിരുവനന്തപുരത്ത്, വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ്-എൻ. ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്'-ന്റെ ഓഫീസിൽ 30-1-2004 മുതൽ പ്രസ്തുത കൗണ്ടർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി & ഡി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ ഒരു പ്രാദേശിക കൗണ്ടർ ആരംഭിക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകുകയും അതിൻപ്രകാരം പ്രസ്തുത കൗണ്ടർ തിരുവനന്തപുരത്ത് നിലവിൽ വരികയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് കോൺസലേറ്റുകൾ സ്ഥാപിക്കാമെന്ന് സമ്മതിച്ചിട്ടുള്ള ഗൾഫ് രാജ്യങ്ങൾ

99 [1470] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ടി. എൻ. പ്രതാപൻ:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഗൾഫ് രാജ്യങ്ങൾ കോൺസലേറ്റുകൾ സ്ഥാപിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്;

(ബി) അതിനുള്ള അനുമതി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) സുൽത്താനേറ്റ് ഓഫ് ഒമാൻ ഒരു കോൺസലേറ്റ് കൊച്ചിയിൽ തുടങ്ങുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. കൂടാതെ മറ്റ് ഗൾഫ് രാജ്യങ്ങളുടെ കോൺസലേറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേരളസർക്കാർ നിരന്തരമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിയമം അനുസരിച്ച് മെട്രോപൊളിറ്റൻ നഗരങ്ങളിൽ മാത്രമേ കോൺസലേറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുള്ളൂ എന്ന് കേരളസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly